**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2727** **24-06-2024 - ൽ മറുപടിയ്ക്ക്**

**കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ റിസ്ക് ഫണ്ട്‌ധ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന റിസ്ക് ഫണ്ട് പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | (എ) | കേരള സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കിനില്ക്കുന്ന ബാദ്ധ്യതയിൽ നിന്ന് അവരെ ഒഴിവാക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് കേരള സഹകരണ കടാശ്വാസ പദ്ധതി 2008/ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 2008.<br><br>പ്രസ്തുത പദ്ധതിയുടെ ധനസഹായം അനുവദിച്ച് നല്കുന്നത് സർക്കാർ അംഗീകരിച്ച് നല്കിയ റിസ്ക് ഫണ്ട് നിയമാവലിക്കു വിധേയമായിട്ടാണ്.<br><br>സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ എടുത്തതിനുശേഷം മരണപ്പെടുന്നവർക്ക് മരണാനന്തര സഹായം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**(എ) റിസ്ക് ഫണ്ട് വിഹിതം**<br><br>വായ്പ എടുക്കുന്ന അംഗങ്ങളിൽ നിന്നും ബോർഡിന്റെ ബൈലോ വ്യവസ്ഥയ്ക്കു വിധേയമായുള്ള റിസ്ക് ഫണ്ട് വിഹിതം തുക (ഒരു വായ്പയ്ക്ക് മിനിമം 100/- രൂപയും പരമാവധി വിഹിതം തുക 2000/- രൂപയും) ആയതിന്റെ 18% ജി.എസ്.റ്റിയും ഈടാക്കുകയും പ്രസ്തുത തുക തൊട്ടടുത്ത മാസം 15-ാം തീയതിക്കുള്ളിൽ അടച്ചിരിക്കുകയും ചെയ്യുന്ന അംഗങ്ങൾക്കാണ് റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നത്. |

**ബി) വയസ്സ്**

മരണപ്പെട്ടതോ/മാരകരോഗം പിടിപെട്ടതോ ആയ ആളിന്റെ പേരിലുള്ളതും, മരണപ്പെട്ട/മാരകരോഗം പിടിപെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്തതുമായ വായ്പാക്കാരുടെ വായ്പകൾക്ക് മാത്രമാണ് മരണാനന്തര ആനുകൂല്യം/ ചികിത്സാ ധനസഹായം എന്നിവ ലഭിക്കുന്നത്.

**(സി) കുടിശ്ശിക/കാലാവധി**

വായ്പാകാലാവധിയിൽ വായ്പാക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിയിൽ തവണ അടയ്ക്കേണ്ട തീയതി മുതൽ 6 മാസത്തിൽ അധികരിച്ചും, വായ്പാ കാലാവധി കഴിഞ്ഞ് വായ്പാക്കാരൻ മരണപ്പെട്ടാൽ വായ്പാ കാലാവധി തീരുന്ന തീയതിയ്ക്ക് തൊട്ടുമുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ മുതലിൽ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയാൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുന്ന തുകകളെ കുറിച്ചുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**I) മരണാനന്തര സഹായം**

2010 മുതൽ വായ്പ എടുത്ത് മരണപ്പെടുന്നവർക്ക് വായ്പ ബാക്കി നില്പോ പരമാവധി 1 ലക്ഷം രൂപയും മരണ തീയതി വരെയുള്ള പലിശയും വരെയോ റിസ്ക് ഫണ്ട് ധനസഹായം നല്കിവന്നിരുന്നു. 30.03.2012 തീയതി മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 1,00,000/- രൂപയിൽ നിന്നും 1,50,000/- രൂപയായും 20.09.2019 തീയതി മുതൽ 2,00,000/- രൂപയായും 11.10.2022 തീയതി മുതൽ 3,00,000/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ടി തുക സർക്കാർ അംഗീകരിച്ച നിയമാവലിക്ക് വിധേയമായി നല്കിവരുന്നു.

ഒരു വായ്പക്കാരൻ വിവിധ സഹകരണ സംഘം/ ബാങ്കുകളിൽ നിന്നും എത്ര വായ്പകൾ എടുത്താലും 20.09.2019 മുതൽ പരമാവധി 5,00,000/- (അഞ്ചു ലക്ഷം) രൂപ വരെ മാത്രമേ അനുവദിച്ചിരുന്നുള്ളു. 11.10.2022 മുതൽ ഇത് പരമാവധി 6,00,000/-(ആറ് ലക്ഷം) രൂപ വരെയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

**II) മാരക രോഗം**

ഈ പദ്ധതിയുടെ ആനുകൂല്യം 30.03.2012 തീയതി മുതൽ വായ്പ എടുത്തതിനുശേഷം മാരകരോഗം (ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ

| | | | |
|---|---|---|---|
| | | | രോഗം മൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയക്ക് വിധേയരായവർ, പക്ഷാഘാതം മൂലമോ അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ) പിടിപെടുന്ന അംഗങ്ങൾക്കും വ്യവസ്ഥകൾക്ക് വിധേയമായി വായ്പാ ബാക്കി നിൽപ്പോ പരമാവധി 75,000/- രൂപയോ നൽകിവന്നിരുന്നു. 20.09.2019 മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 1,00,000/- രൂപയായും 11.10.2022 മുതൽ പരമാവധി സംഖ്യ 1,25,000/-രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. മാരക രോഗങ്ങളിൽ 29.02.2016 തീയതി മുതൽ ടി.ബി, ലിവർ സിറോസിസ് എന്നീ അസുഖങ്ങൾകൂടി ഉൾപ്പെടുത്തുകയും 20.09.2019 തീയതി മുതൽ കരൾ സംബന്ധമായ അസുഖത്തിന് ശസ്ത്രക്രിയ നടത്തിയവർ, അപകടങ്ങളും രോഗങ്ങളും കാരണം ജോലി ചെയ്ത് ജീവിക്കാൻ കഴിയാത്തവിധം അവയവം മുറിച്ച് മാറ്റപ്പെടുന്ന അവസ്ഥയിലുള്ളവർ, അവയവം മാറ്റിവെയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയരായവർ എന്നീ അസുഖങ്ങൾകൂടി ഉൾപ്പെടുത്തുകയും ചെയ്തു. ടി ധനസഹായം സർക്കാർ അംഗീകരിച്ച നിയമാവലിക്ക് വിധേയമായി നല്കിവരുന്നു. |
| (ബി) | നിർജ്ജീവാവസ്ഥയിലുള്ള സഹകരണ സംഘങ്ങളെ പുനരുദ്ധരിപ്പിക്കുന്നതിന് കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ സംസ്ഥാനത്തെ സഹകരണ ബാങ്ക്/ സംഘങ്ങളുടെ പരിരക്ഷയും ക്ഷേമവും ഉറപ്പാക്കുക, വികസന പദ്ധതികൾ നടപ്പിലാക്കുക എന്നീ ലക്ഷ്യങ്ങൾക്കായി കേരള സഹകരണ ക്ഷേമവികസന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>ആസ്തിശോഷണത്തിലും അറ്റനഷ്ടത്തിലും പ്രവർത്തിക്കുന്ന പ്രവർത്തനമാന്ദ്യം സംഭവിച്ച അംഗസംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം ഒരു നിശ്ചിത കാലഘട്ടത്തിനുള്ളിൽ സംഘത്തെ സുശക്തമായ നിലയിൽ എത്തിക്കുന്നതിന് സംഘം തയ്യാറാക്കി സമർപ്പിക്കുന്ന പ്രോജക്ട് റിപ്പോർട്ടിന്റെയും മോണിറ്ററിംഗ് കമ്മിറ്റിയുടെയും സഹകരണ സംഘം രജിസ്ട്രാറുടെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ ബോർഡ് ഭരണസമിതി തീരുമാനപ്രകാരം സർക്കാർ അനുവദിച്ച നൽകിയ നിയമാവലി നിബന്ധനകൾക്ക് വിധേയമായി മതിയായ ഈടിന്മേൽ 4% പലിശനിരക്കിൽ വായ്പ ധനസഹായം നല്കിവരുന്നു.<br><br>കൂടാതെ അംഗസംഘങ്ങൾക്ക് കാലാനുസൃതമായ വിപുലവും പുരോഗമനപരവുമായ പദ്ധതികൾ നടപ്പിലാക്കുന്നതിനായി സംഘം തയ്യാറാക്കി |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുന്ന പ്രോജക്ട് റിപ്പോർട്ടിന്റെയും മോണിറ്ററിംഗ് കമ്മിറ്റിയുടെയും സഹകരണ സംഘം രജിസ്ട്രാറുടെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ ബോർഡ് ഭരണസമിതി തീരുമാനപ്രകാരം സർക്കാർ അനുവദിച്ച നല്കിയ നിയമാവലി നിബന്ധനകൾക്ക് വിധേയമായി മതിയായ ഈടിന്മേൽ 7% പലിശനിരക്കിൽ വായ്പാ ധനസഹായം നല്കിവരുന്നു. |

സെക്ഷൻ ഓഫീസർ